**കാറ്റഗറി നമ്പർ : 515/2023**
**രണ്ടാം എൻ.സി.എ വിജ്ഞാപനം**

താഴെപ്പറയുന്ന തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ യോഗ്യതയുള്ള പട്ടിക വർഗ്ഗത്തിൽപ്പെട്ട വനിതകളായ ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി മാത്രം അപേക്ഷകൾ 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം ക്ഷണിച്ചുകൊള്ളുന്നു. ഇതിനോടകം രജിസ്റ്റർ ചെയ്തവർക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്. ആധാർനമ്പർ ലഭ്യമായിട്ടുള്ളവർ ആയത് പ്രൊഫൈലിൽ തിരിച്ചറിയൽ രേഖയായി ഉൾപ്പെടുത്തേണ്ടതാണ്.

1. **വകുപ്പ്** : **എക്സൈസ്**

2. **ഉദ്യോഗപ്പേര്** : **വനിതാ സിവിൽ എക്സൈസ് ഓഫീസർ (ട്രെയിനി)**
(പുരുഷ ഉദ്യോഗാർത്ഥികളും ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളും ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.)

3. **ശമ്പളം** : **₹27,900 - 63,700/-**

4. **ഒഴിവുകളുടെ എണ്ണം** : **പട്ടിക വർഗ്ഗം**
**മലപ്പുറം - 01 (ഒന്ന്)**

**കുറിപ്പ്:**

*(i)* ഈ തസ്തികയുടെ പേര്, പ്രായപരിധി, യോഗ്യതകൾ മറ്റ് അനുബന്ധ വ്യവസ്ഥകൾ എന്നിവ *04.06.2008* ലെ *G.O(P)No.113/08/TD (SRO 587/2008), 10.11.2010* ലെ *G.O(P)No.264/10/TD (SRO 1025/2010) 03.10.2015* ലെ *G.O(P)No.178/2015/TD (SRO 669/2015) 21.10.2018* ലെ *G.O(Rt.)No.766/2018/TD* എന്നിവ പ്രകാരമാണ് വിജ്ഞാപനം ചെയ്തിരിക്കുന്നത്.

*(ii)* ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

*(iii)* മേൽ സൂചിപ്പിച്ച ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി, റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഈ തസ്തികയ്ക്ക് *04/05/2015* തീയതിയിൽ പ്രസിദ്ധീകരിച്ച *155/2015/DOM ( Cat. No. 261/14)* നമ്പർ റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനു വേണ്ടി നീക്കി വച്ചിട്ടുള്ളതും എന്നാൽ ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്തതുമായ ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ നിയമനശുപാർശ ചെയ്ത് നിയമനം നടത്തുന്നതു വരെ ആയിരിക്കും. ടി തസ്തികയ്ക്കായി ചുവടെ പറയുന്ന എൻ.സി.എ വിജ്ഞാപനപ്രകാരം പ്രസ്തുത സംവരണ വിഭാഗത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വന്നതിനെ തുടർന്ന് പുറപ്പെടുവിക്കുന്ന രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

| ജില്ലയുടെ പേര് | കാറ്റഗറി നമ്പർ | ഗസറ്റ് തീയതി |
|---|---|---|
| മലപ്പുറം | 272/2019 | 15/11/2019 |

*(iv)* ഈ വിജ്ഞാപനപ്രകാരം ഉദ്യോഗാർത്ഥികൾ ഒന്നിലധികം ജില്ലകളിലേക്ക് അപേക്ഷിക്കുവാൻ പാടുള്ളതല്ല. ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ *27.05.1971* - ലെ ഗവൺമെന്റ് ഓർഡർ *(എം.എസ്)* നമ്പർ*: 154/71/*പി.ഡി. യിലെ പ്രത്യേക വ്യവസ്ഥകൾക്കനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റ് ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ച് വർഷത്തിനു ശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം *02.01.1961*-ലെ സർക്കാർ ഉത്തരവ് ജി.ഒ*(എം.എസ്)* നമ്പർ*: 4/61/*പി.ഡി യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇതേ ഉദ്യോഗത്തിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപന പ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(v) എൻ.സി.സി 'എ', 'ബി', 'സി' സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള കേഡറ്റുമാർക്ക് യഥാക്രമം *2%, 3%, 5%* വെയിറ്റേജ് മാർക്ക് നൽകുന്നതാണ്. *(GO(Ms)No.112/2007/D.Edn dated 21.08.2007* പ്രകാരം*)*

(vi) **6** (ആറ്) മാസത്തിൽ കുറയാതെയുള്ള, എക്സൈസ് കമ്മീഷണറുടെ നിർദ്ദേശാനുസരണം **180** (നൂറ്റിഎൺപത്) പ്രവൃത്തി ദിനങ്ങളെങ്കിലുമുള്ള അടിസ്ഥാന പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നതു വരെ ഉദ്യോഗാർത്ഥികളെ വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയുടെ സ്ഥിരം (Substantive) തസ്തികയിൽ നിയമിക്കുന്നതല്ല. അടിസ്ഥാന പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന സ്റ്റൈപന്റ് നൽകുന്നതായിരിക്കും. അടിസ്ഥാന പരിശീലനത്തിൽ ഏർപ്പെടാത്തവർക്ക് **2** (രണ്ട്) വർഷത്തിനുള്ളിൽ ഉത്തരവിന് വിധേയമായി അടിസ്ഥാന പരിശീലനത്തിന് നിയോഗിക്കുന്നതും ആയത് വിജയകരമായി പൂർത്തിയാക്കാത്തവരെ തുടർന്നുള്ള സ്ഥാനക്കയറ്റങ്ങൾക്ക് പരിഗണിക്കുന്നതുമായിരിക്കില്ല.

**5. നിയമനരീതി** : **നേരിട്ടുള്ള നിയമനം.**
(പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6. പ്രായപരിധി** : **19–36 :**
ഉദ്യോഗാർത്ഥികൾ 02.01.1987 നും 01.01.2004-നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ)
(പൊതു വ്യവസ്ഥകളിലെ പാർട്ട് II ഖണ്ഡിക 2(i) ൽ പ്രതിപാദിച്ചിരിക്കുന്ന വയസ്സിളവ് ഉൾപ്പെടെ) ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്കായി ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതുവ്യവസ്ഥകളിലെ ഖണ്ഡിക *2 (2(i)* ഒഴികെ*)* നോക്കുക.

**7. യോഗ്യതകൾ :**

**(1) <u>വിദ്യാഭ്യാസ യോഗ്യത:</u>**
പ്ലസ് ടു പരീക്ഷയോ തത്തുല്യപരീക്ഷയോ പാസ്സായിരിക്കണം

**<u>കുറിപ്പ് :</u>**

(I) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് KS&SSR Part II Rule 10(a)(ii) ബാധകമാണ്.

(ii) തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള തത്തുല്യ സർട്ടിഫിക്കറ്റ്/സർക്കാർ ഉത്തരവ് ഒറ്റത്തവണ പ്രമാണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുമ്പോഴോ ഹാജരാക്കേണ്ടതാണ്.

**(2) <u>ശാരീരിക യോഗ്യതകൾ:</u>**
കുറഞ്ഞത് 150 സെ. മീ ഉയരം ഉണ്ടായിരിക്കണം.

**(3) <u>എൻഡ്യൂറൻസ് ടെസ്റ്റ്:</u>**
എല്ലാ ഉദ്യോഗാർത്ഥികളും 2.5 കിലോമീറ്റർ ദൂരം 15 മിനിറ്റിനുള്ളിൽ ഓടി പൂർത്തിയാക്കേണ്ട എൻഡ്യുറൻസ് ടെസ്റ്റ് വിജയകരമായി പൂർത്തിയാക്കണം.

**(4) <u>കായികക്ഷമതാ പരീക്ഷ:</u>**
നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | | വൺ സ്റ്റാർ നിലവാരം |
|---|---|---|---|
| 1. | 100 മീറ്റർ ഓട്ടം | : | 17 സെക്കന്റ് |
| 2. | ഹൈ ജംപ് | : | 1.06 മീറ്റർ |
| 3. | ലോംഗ് ജംപ് | : | 3.05 മീറ്റർ |

| | | | |
|---|---|---|---|
| 4. | പുട്ടിംഗ് ദ ഷോട്ട് (4. കി.ഗ്രാം) | : | 4.88 മീറ്റർ |
| 5. | 200 മീറ്റർ ഓട്ടം | : | 36 സെക്കന്റ് |
| 6. | ത്രോയിംഗ് ദി ത്രോ ബാൾ | : | 14 മീറ്റർ |
| 7. | ഷട്ടിൽ റേസ് (4X25 മീറ്റർ) | : | 26 സെക്കന്റ് |
| 8. | സ്കിപ്പിംഗ് (ഒരു മിനിറ്റ്) | : | 80 പ്രാവശ്യം |

__കുറിപ്പ് :__
ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷാ/എൻഡ്യൂറൻസ് ടെസ്റ്റ് വേളയിൽ എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ/ എൻഡ്യൂറൻസ് ടെസ്റ്റ് പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ/ എൻഡ്യൂറൻസ് പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

**(5) __കായികശേഷിയും കാഴ്ച ശക്തിയും:__**

*(i)* ഔട്ട് ഡോർ ജോലികൾ സജീവമായി ചെയ്യാനുള്ള കായികശേഷിയും, ശാരീരിക യോഗ്യതയും, കഴിവും ഉണ്ടെന്നു കാണിക്കുന്ന അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടന്റ് റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഓരോ ഉദ്യോഗാർത്ഥിയും ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്.

*(ii)* താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | **കാഴ്ച** | **__വലതുകണ്ണ്__** | **__ഇടതു കണ്ണ്__** |
|---|---|---|---|
| (എ) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| (ബി) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

__കുറിപ്പ്:-__
ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

*(iii)* മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് *(മുൻ പല്ല്)*, ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ ഉണ്ടായിരിക്കരുത്.

*(iv)* ഉദ്യോഗാർത്ഥികൾ കായികക്ഷമതാ പരീക്ഷാ/എൻഡ്യൂറൻസ് ടെസ്റ്റ് സമയത്ത് താഴെക്കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടന്റ് റാങ്കിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതും ആയത് സർട്ടിഫിക്കറ്റ് പരിശോധനാ സമയത്ത് പ്രൊഫൈലിൽ *Upload* ചെയ്യേണ്ടതുമാണ്. മാതൃക ഇതോടൊപ്പം ചേർക്കുന്നു.

## __FORM OF MEDICAL CERTIFICATE__

I have this day medically examined Smt/Kum....................................................... (Name & address) and found that she has no disease or infirmity, which would render her unsuitable for Government Service. She is free from physical defects like knock knee, flat foot, varicose vein, bow legs, deformed hands and limbs, irregular and protruding teeth, defective speech and hearing.

Her age according to her own statement is .................................. and by appearance is ............................ and her standards of vision is as follows.

**<u>Standards of Vision</u>**

(without glasses)

| | **Right Eye** | **Left Eye** |
|---|---|---|
| 1. Distant Vision | ............Snellen | ........... Snellen |
| 2. Near Vision | ............Snellen | ........... Snellen |

3. Field of Vision ....................
(Specify whether field of vision is full or not. Entries such as Normal, Good, Average etc. are inappropriate here)
4. Colour Blindness ................................
5. Squint ................................
6. Any morbid condition of the eyes
or lids of either eye ……………………….

She is Physically fit for the post of Women Civil Excise Officer in the Excise Department.

I certify to the best of my knowledge and belief that the applicant Smt. ……………… …………………..(Name and Address) is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Medical Officer shall be affixed on the photograph leaving the face clear.)

| PHOTO OF THE CANDIDATE |
|---|

Place: *Signature*
Date : *Name and Designation of the Medical Officer*

*(Office Seal)*

**കുറിപ്പ്:**
കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ/ഗുഡ്/ആവറേജ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**8. അപേക്ഷ സമർപ്പിക്കേണ്ട രീതി:**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ <u>www.keralapsc.gov.in</u> വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും Password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2013 ന് ശേഷം എടുത്തതായിരിക്കണം. 01.01.2022 മുതൽ പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ ആറ് മാസത്തിനുള്ളിൽ എടുത്തിട്ടുള്ള ഫോട്ടോഗ്രാഫ് upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് Upload ചെയ്ത ഫോട്ടോയ്ക്ക് Upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും, വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പു വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ

ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ **soft copy/print out** എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ **'My Applications'** എന്ന **Link** ൽ **Click** ചെയ്ത് അപേക്ഷയുടെ **Print out** എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ **Print out** കൂടി സമർപ്പിക്കേണ്ടതാണ്. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**9.** അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **03.01.2024** ബുധനാഴ്ച രാത്രി 12 മണി വരെ.

**10.** ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

**11. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

(i) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതിമാറ്റം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

(ii) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിന് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(iii) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ 1976 റൂൾ 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്തു പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമനടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ടു കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ